**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5630 02.11.2016 -ൽ മറുപടിക്ക്

## മെഡിക്കൽ ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. എൽദോ എബ്രഹാം<br>ശ്രീ. കെ. രാജൻ | ശ്രീ. എ.സി. മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്തിന്റെ മികച്ച വ്യോമയാന കണക്ടിവിറ്റി , താരതമ്യേന കുറഞ്ഞ ചികിത്സാ ചെലവ്, ആരോഗ്യ രംഗത്തെ ഉന്നത ചികിത്സാലയങ്ങൾ, നിപുണരായ ഡോക്ടർമാർ , മികച്ച പരിശീലനം ലഭിച്ച പാരാമെഡിക്കൽ സ്റ്റാഫ്, കാലാവസ്ഥ എന്നീ അനുകൂല ഘടകങ്ങൾ മുതലാക്കി മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കുമോ; | എ) മെഡിക്കൽ ടൂറിസം വിപുലീകരിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി ആയുർവേദയൂണിറ്റുകളുടെ ക്ലാസിഫിക്കേഷൻ സമ്പ്രദായം വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കി വരുന്നു. ആഭ്യന്തര-വിദേശങ്ങളിൽ വകുപ്പ് നടത്തുന്ന റോഡ്ഷോകളിലും ഫെയറുകളിലും ആയുർവേദത്തിന് പ്രമുഖ സ്ഥാനം നൽകി വരുന്നു. സംസ്ഥാനത്തിന്റെ മികച്ച വ്യോമയാന കണക്ടിവിറ്റി, താരതമ്യേന കുറഞ്ഞ ചികിത്സാചെലവ്, ആരോഗ്യ രംഗത്തെ ഉന്നത ചികിത്സാലയങ്ങൾ, നിപുണരായ ഡോക്ടർമാർ , മികച്ച പരിശീലനം ലഭിച്ച പാരാമെഡിക്കൽ സ്റ്റാഫ്, കാലാവസ്ഥ എന്നീ അനുകൂല ഘടകങ്ങൾ മുതലാക്കി |

| | |
|---|---|
| | മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക നടപടികൾ കൈക്കൊള്ളുന്നതിന്റെ സാധ്യതകളെക്കുറിച്ച് പരിഗണിക്കാവുന്നതാണ്. |
| ബി) സംസ്ഥാനത്തെ എയർപോർട്ടുകളിൽ രോഗികളെ സ്വീകരിക്കുന്നതു മുതൽ ആശുപത്രികളിലെത്തിച്ച് രോഗ വിമുക്തി കൈവരിച്ച് എയർപോർട്ടുകളിൽ തിരികെയെത്തിക്കുന്നതു വരെയുള്ള ഒരു സമഗ്ര മെഡിക്കൽ ടൂറിസം പാക്കേജ് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) യും സി) യും ടൂറിസം വകുപ്പ് നേരിട്ട് യാതൊരു തരത്തിലുള്ള ടൂറിസം പാക്കേജുകളും വാഗ്ദാനം ചെയ്യുന്നില്ല. |
| സി) മെഡിക്കൽ ടൂറിസത്തിനായി, ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്നുള്ള ചികിത്സാ പാക്കേജുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

Anuradha

സെക്ഷൻ ഓഫീസർ